REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വേവ്സ് ഉച്ചകോടിയിലൂടെ പ്രതിഭയുടെയും സർഗ്ഗാത്മകതയുടെയും ആഗോള ആവാസവ്യവസ്ഥയ്ക്ക് ഇന്ത്യ അടിത്തറയിടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നാളെ നാടിന് സമർപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തിരുവനന്തപുരത്തെത്തും.**
- **ഇന്ന് സാർവദേശീയ തൊഴിലാളി ദിനം - വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് ദൃഢനിശ്ചയം ചെയ്തവരാണ് തൊഴിലാളികളെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ.**
- **വിഴിഞ്ഞം പദ്ധതിയിൽ അഴിമതി ആരോപിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ ക്രഡിറ്റ് ഏറ്റെടുക്കുന്നത് പരിഹാസ്യമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ആദ്യ ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - വേവ്സിലൂടെ പ്രതിഭയുടെയും സർഗ്ഗാത്മകതയുടെയും ആഗോള ആവാസവ്യവസ്ഥയ്ക്ക് ഇന്ത്യ അടിത്തറയിടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മുംബൈയിൽ വേവ്സ് ഉച്ചകോടി 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 100-ലധികം രാജ്യങ്ങളിലെ കലാകാരന്മാർ, നൂതനാശയക്കാർ, നിക്ഷേപകർ,

നയരൂപകർത്താക്കൾ തുടങ്ങിയവർ വേവ്സിലൂടെ ഒരു കുടക്കീഴിൽ അണിചേരുകയാണ്. കലാകാരന്മാർക്കും സർഗപ്രതിഭകൾക്കും അവകാശപ്പെട്ട ആഗോള വേദിയാണ് വേവ്സ് എന്നും പ്രധാനമന്ത്രി പറഞ്ഞു.

(HOLD - PM VOICE)

രാജ്യത്തെ മാധ്യമ - വിനോദ വൈദഗ്ധ്യത്തിന്റെ സമഗ്ര പ്രദർശനമായി മാറുന്ന ഉച്ചകോടിയുടെ ഭാഗമായി സംഘിപ്പിച്ച 32 സർഗാത്മക മത്സരങ്ങളിൽനിന്ന് തിരഞ്ഞെടുത്തവരുമായി പ്രധാനമന്ത്രി സംവദിക്കും.

ദൃശ്യ, ശ്രാവ്യ വിനോദ വ്യവസായത്തിന്റെ ഭാവി സംബന്ധിച്ച ചർച്ചകൾക്ക് വേദിയൊരുക്കുന്ന നാലുദിവസത്തെ ഉച്ചകോടിയിലൂടെ മാധ്യമ-വിനോദ ഡിജിറ്റൽ നൂതനാശയ രംഗങ്ങളിലെ ആഗോളകേന്ദ്രമായി രാജ്യത്തെ അടയാളപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. സിനിമ, ഒടിടി, ഗെയിമിംഗ്, കോമിക്സ്, ഡിജിറ്റൽ മീഡിയ, നിർമിതബുദ്ധി, ബ്രോഡ്കാസ്റ്റിംഗ്, നവസാങ്കേതികവിദ്യ എന്നിവയെ ഉച്ചകോടി സംയോജിപ്പിക്കും.

✪✪✪

വേവ്സ് ഉച്ചകോടി രാജ്യത്ത് പുതിയ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടിയുടെ ആദ്യ പതിപ്പിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സർഗാത്മക നിർമാതാക്കൾക്ക് ഉച്ചകോടി ആഗോള വേദിയൊരുക്കുമെന്നും പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുമെന്നും അശ്വിനി വൈഷ്ണവ് പറഞ്ഞു. ആഗോള ഉപഭോക്താക്കളുമായും നിക്ഷേപകരുമായും സർഗാത്മക നിർമാതാക്കളെ ഉച്ചകോടി ബന്ധിപ്പിക്കും. 400 കോടി രൂപയുടെ ധനസഹായത്തോടെ മുംബൈയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി സ്ഥാപിക്കുമെന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

✪✪✪

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും. ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ഇന്നു രാത്രി തിരുവനന്തപുരത്തെത്തും. രാജ്ഭവനിലാണ് അദ്ദേഹം ഇന്ന് രാത്രി വിശ്രമിക്കുന്നത്. നാളെ രാവിലെ ഹെലികോപ്റ്ററിൽ വിഴിഞ്ഞത്തെത്തുന്ന പ്രധാനമന്ത്രി, പോർട്ട് ഓപ്പറേഷൻസ് കേന്ദ്രവും ബെർത്തും സന്ദർശിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഉൾപ്പെടെ പ്രമുഖർ ഉദ്ഘാടന ചടങ്ങിൽ

പങ്കെടുക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങൾ തിരുവനന്തപുരത്ത് ഒരുക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്

.......വോയ്സ്...........

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ എല്ലാം പൂർത്തിയായി കഴിഞ്ഞു. സിറ്റി പൊലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്. 4200 ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. കടലിൽ കോസ്റ്റൽ ഗാർഡിന്റെ നേതൃത്വത്തിൽ കപ്പലുകളിൽ സുരക്ഷയൊരുക്കും. കൂടാതെ വ്യോമസേനയുടെ പ്രത്യേക വിമാനങ്ങളും ഹെലികോപ്റ്ററുകളും സുരക്ഷയ്ക്കായി വിന്യസിക്കും. പൊതുജനങ്ങൾക്ക് ചടങ്ങ് വീക്ഷിക്കുന്നതിന് ഉദ്ഘാടന വേദിയ്ക്ക് ഇരു വശത്തുമായി പവലിയനുകളും സജ്ജമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും ഗതാഗതാ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇന്ന് ഉച്ചക്ക് 2 മണി മുതൽ രാത്രി 10 മണി വരെയും നാളെ രാവിലെ 6.30 മുതൽ ഉച്ചക്ക് 2 മണി വരെയുമാണ് ഗതാഗത നിയന്ത്രണം.വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. മൂന്ന് മാസത്തോളം നീണ്ട് നിന്ന ട്രയൽ റണ്ണിൽ തന്നെ വാണിജ്യാടിസ്ഥാനത്തിൽ തുറമുഖം പ്രവർത്തനം തുടങ്ങിയിരുന്നു. 5.36 ലക്ഷം ടി ഇ യു വിഴിഞ്ഞം തുറമുഖം ഇത് വരെ കൈകാര്യം ചെയ്തു കഴിഞ്ഞു. 263 കപ്പലുകൾ വിഴിഞ്ഞത്ത് നങ്കൂരമിട്ടു. 2028 ൽ മറ്റ് മൂന്ന് ഘട്ടങ്ങളും കൂടി പൂർത്തീകരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം പൂർണ തോതിൽ പ്രവർത്തന സജ്ജമാകും. എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കുമ്പോൾ വിഴിഞ്ഞത്തിന്റെ സ്ഥാപിത ശേഷിയായ 30 ലക്ഷം ടി ഇ യു ആകും.

ചരക്ക് നീക്കത്തിനായി റെയിൽ റോഡ് ഗതാഗതം കൂടി സുഗമമാക്കുന്നതോടെ വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വികസന സാധ്യതകൾ തുറന്നിടും.

✪✪✪

വിഴിഞ്ഞം പദ്ധതിയിൽ അഴിമതി ആരോപിച്ച മുഖ്യമന്ത്രി പിണറായി വിജയൻ ഇപ്പോൾ പദ്ധതിയുടെ ക്രഡിറ്റ് ഏറ്റെടുക്കുന്നത് പരിഹാസ്യമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. 6,000 കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് തട്ടിപ്പാണ് വിഴിഞ്ഞം പദ്ധതിയെന്ന് തറക്കല്ലിടൽ കാലത്ത് പറഞ്ഞ വ്യക്തിയാണ് പിണറായിയെന്നും സതീശൻ മാധ്യമങ്ങളോട് വ്യക്തമാക്കി.

പ്രതിപക്ഷ നേതാവെന്ന നിലയിൽ വിഴിഞ്ഞം പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ തന്നെ ക്ഷണിച്ചെന്ന് പറഞ്ഞ VN വാസവന്റേത് നുണയാണെന്നും ക്ഷണിക്കാത്തതിൽ പരിഭവമില്ലെന്നും VD സതീശൻ അറിയിച്ചു. വിഴിഞ്ഞം പദ്ധതിയുടെ ഉദ്ഘാടനം BJP യും CPIM ഉം ഒന്നിച്ച് നടത്തട്ടെയെന്നും സതീശൻ പറഞ്ഞു.

✪✪✪

വിഴിഞ്ഞം ഉദ്ഘാടന ചടങ്ങിൽ നിന്ന് ആരെയും മാറ്റി നിർത്താൻ തീരുമാനിച്ചിട്ടില്ലെന്ന് മന്ത്രി K രാജൻ അറിയിച്ചു. ഉദ്ഘാടന ചടങ്ങിൽ ആരൊക്കെ സംസാരിക്കണമെന്ന് തീരുമാനിച്ചത് പ്രധാനമന്ത്രിയുടെ ഓഫീസ് ആണെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ജനങ്ങൾ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ഓർക്കുമെന്ന് ഷാഫി പറമ്പിൽ MP കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. ഉമ്മൻചാണ്ടി ഗവൺമെന്റ് ദീർഘവീക്ഷണത്തോടെ നടപ്പാക്കിയ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ സന്തോഷമുണ്ടെന്നും ഷാഫി പറമ്പിൽ അറിയിച്ചു.

✪✪✪

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ സമഗ്ര വികസനത്തിന് പ്രത്യേക മാസ്റ്റർ പ്ലാൻ ഉടൻ നടപ്പാക്കുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. ബ്രഹ്മപുരത്ത് കുന്നുകൂടി കിടക്കുന്ന മാലിന്യം ശാസ്ത്രീയമായി നീക്കം ചെയ്യുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ബയോമൈനിംഗ് വഴി ഇതുവരെ 6.8 ലക്ഷം മെട്രിക് ടൺ മാലിന്യം നീക്കം ചെയ്തു. ആകെ ഉണ്ടായിരുന്ന മാലിന്യത്തിന്റെ 89.6 ശതമാനവും നീക്കം ചെയ്തതായും 72,800 മെട്രിക് ടൺ മാലിന്യം മാത്രമാണ് ഇനി ബാക്കിയെന്നും MB രാജേഷ് അറിയിച്ചു.

✪✪✪

തലശ്ശേരി പൈതൃക നഗരിയുടെ തീർത്ഥാടന ടൂറിസം വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം 25 കോടിയുടെ ഭരണാനുമതി നൽകി. സ്വദേശി ദർശൻ പദ്ധതിയിലുൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുക.

തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും തലശ്ശേരിയിലെയും പരിസരങ്ങളിലെയും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനുമായാണ് പദ്ധതി നടപ്പാക്കുന്നത്. ആറ് ഘടക പദ്ധതികൾക്കാണ് അനുമതി. ചിറക്കാവിൽ ടൂറിസ്റ്റ് കേന്ദ്രം ജഗന്നാഥ ക്ഷേത്രത്തിലെ ടൂറിസ്റ്റ കേന്ദ്രം പൊന്ന്യം ഏഴരക്കണ്ടം

കളരി അക്കാദമി, ചൊക്ലി നിടുമ്പ്രം തെയ്യം കലാ അക്കാദമി ഹരിത ടൂറിസം, എന്നിവയ്ക്കാണ് ഭരണാനുമതിയായത്. അടുത്ത മാർച്ച് 31 ന് മുൻപ് പദ്ധതി പൂർത്തിയാക്കണം.

✪✪✪

ബാല ലൈംഗിക ചൂഷണം നടത്തിയ രാജ്യാന്തര സൈബർ ശൃംഖലയെ CBI തകർത്തു. ഓപ്പറേഷൻ ഹാക്ക് നടപടിയുടെ ഭാഗമായി അമേരിക്കയിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു നടപടി. ഡൽഹിയിലും മംഗലൂരുവിലും രണ്ടു പേർക്കെതിരെ ഇന്ത്യൻ നിയമപ്രകാരം CBI കേസെടുത്തിട്ടുണ്ട്. USA യിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി ഡിസ്കോഡ് എന്ന സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമിൽ ഇരുവരും ലൈംഗിക ചാറ്റുകൾ നടത്തിയതായി ഏജൻസി കണ്ടെത്തി.

✪✪✪

19 സംസ്ഥാനങ്ങളിലെ 75 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്പെയ്സ് ലാബുകൾ സ്ഥാപിക്കാൻ ഗോത്രകാര്യ മന്ത്രാലയവും, ഭാരത് പെട്രോളിയം കോർപറേഷനും തീരുമാനിച്ചു. ISRO അംഗീകരിച്ച ഏജൻസികളുടെ സാങ്കേതിക സഹായത്തോടെയായിരിക്കും ലാബുകൾ സ്ഥാപിക്കുന്നത്. 50,000 ത്തിലേറെ ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാബുകൾ പ്രയോജനപ്പെടും.

✪✪✪

സംസ്ഥാനത്ത് ഫെബ്രുവരി 22 മുതൽ ഏപ്രിൽ 28 വരെ ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ, 12,024 കേസുകൾ രജിസ്റ്റർ ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 12,627 പേരെ അറസ്റ്റു ചെയ്തു. 820 കിലോയിലേറെ കഞ്ചാവും ആറര കിലോയിലധികം MDMA യും പിടിച്ചെടുത്തതായി മുഖ്യമന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

ലോക ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് സംസ്ഥാനത്ത് നാലാംഘട്ട ലഹരി വിരുദ്ധ കാമ്പയിൻ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബസ് സ്റ്റാന്റുകൾ, പൊതുസ്ഥലങ്ങൾ, വായനശാലകൾ തുടങ്ങിയവ കേന്ദ്രീകരിച്ചായിരിക്കും കാമ്പയിൻ.

✪✪✪

കുടുബശ്രീ മിഷന്റെ ദേശീയ സരസ് മേള നാളെ കോഴിക്കോട്ട് ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ വൈകിട്ട് ബീച്ച് ഫ്രീഡം സ്ക്വയറിൽ മേള ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ന് സാർവദേശീയ തൊഴിലാളി ദിനം. എട്ട് മണിക്കൂർ ജോലി സമയത്തിനും തുല്യ വേതനത്തിനും വേണ്ടി അമേരിക്കയിലെ ചിക്കാഗോയിൽ തൊഴിലാളികൾ നടത്തിയ പോരാട്ടത്തെ ഓർമ്മിപ്പിക്കുന്നതാണ് മെയ് ദിനം.

ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ദേശീയ - സംസ്ഥാന തലങ്ങളിൽ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

രാജ്യത്തെ എല്ലാ തൊഴിലാളികൾക്കും ആഭ്യന്തരമന്ത്രി അമിത്ഷാ മെയ് ദിനാശംസകൾ നേർന്നു. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് ദൃഢനിശ്ചയം ചെയ്ത് രാവും പകലും അത്യധ്വാനം ചെയ്യുന്നവരാണ് തൊഴിലാളികളെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സമ്പദ്‌വ്യവസ്ഥയെ ത്വരിതപ്പെടുത്തി ജനജീവിതം എളുപ്പമാക്കുന്ന തൊഴിലാളികൾ രാഷ്ട്രനിർമാണത്തിന്റെ ശക്തി സ്തംഭമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തൊഴിലാളികളുടെ ക്ഷേമത്തിനും സമൃദ്ധിക്കും കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും അമിത്ഷാ പറഞ്ഞു.

✪✪✪

വർഗ സമരങ്ങളിലൂടെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങളെ ഹനിക്കുന്ന ശ്രമങ്ങൾ ലോകം മുഴുവൻ നടന്നുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി P. രാജീവ് അഭിപ്രായപ്പെട്ടു. സ്ഥിരം തൊഴിൽ എന്ന ആശയം ഇല്ലാതാക്കി തൊഴിലാളികൾ നേടിയെടുത്ത എട്ട് മണിക്കൂർ ജോലിയെന്ന അവകാശം ഘട്ടംഘട്ടമായി ഒഴിവാക്കി അധികാരി വർഗം അവരെ ചൂഷണം ചെയ്യുകയാണെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. തൊഴിലും കൂലിയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനാണ് നയങ്ങൾ രൂപീകരിക്കേണ്ടതെന്ന് മന്ത്രി മെയ് ദിന സന്ദേശത്തിൽ വ്യക്തമാക്കി.

✪✪✪

ആശാപ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ 43 ദിവസമായി നടത്തി വന്നിരുന്ന നിരാഹാര സമരം അവസാനിപ്പിച്ചു.

രാപകൽ സമരയാത്ര' എന്ന പുതിയ സമരഘട്ടത്തിന് തുടക്കം കുറിക്കുന്ന സാഹചര്യത്തിലാണ് നിരാഹാര സമരം അവസാനിപ്പിക്കുന്നതെന്ന് സമര സമിതി അറിയിച്ചു.

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ രാപകൽ സമരയാത്രയുടെ ഫ്ലാഗ് ഓഫ് തിരുവനന്തപുരത്ത് നടന്നു. അതേ സമയം ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം 81-ാം ദിവസത്തിലേയ്ക്ക് കടന്നു.

✪✪✪

മൂന്നാറിലേക്കെത്തുന്ന വിനോദ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളിലൊന്നാണ് ഇരവികുളം ദേശിയോദ്യാനം. മധ്യവേനൽ അവധിയാരംഭിച്ചതോടെ ഉദ്യാനത്തിലെത്തുന്ന സഞ്ചാരികളുടെ തിരക്കും വർധിച്ചു. മലനിരകളെ തഴുകിയെത്തുന്ന കോടമഞ്ഞും മൂന്നാറിന്റെ പരന്നകാഴ്ച്ചകളും വരയാടിൻ കുഞ്ഞുങ്ങളുമാണ് പ്രധാന ആകർഷണം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

....വോയ്സ്......

ഒരിക്കൽ വന്നാൽ വീണ്ടും വീണ്ടും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാണ് ഇരവികുളം ദേശിയോദ്യാനത്തിൽ വനംവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. വരയാടിന്റെ പ്രജനനകാലം കഴിഞ്ഞ് പാർക്ക് തുറന്നതോടെ നിരവധി സഞ്ചാരികൾ ഉദ്യാനം സന്ദർശിക്കാൻ എത്തുന്നുണ്ട്. മലനിരകളും ചോലവനങ്ങളും പുൽമേടുകളും നിറഞ്ഞ പാർക്കിന്റ പലഭാഗങ്ങളിലും എത്തിപ്പെടാൻ വിനോദ സഞ്ചാരികൾക്ക് കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ട് തന്നെ പാർക്കിനെ മനസിലാക്കാനും മലനിരകളെ കൈയ്യത്തും ദൂരത്ത് കാണുന്നതിനും വെർച്ച്വൽ റിയാലിറ്റിയിലുള്ള ആസ്വാദന സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. ത്രിഡി സംവിധാനത്തിലൂടെ പാർക്കിനെ കുറിച്ചുള്ള വിവരങ്ങൾ സഞ്ചാരികൾക്ക് ലഭിക്കുന്നത് വ്യത്യസ്തമായ അനുഭവമാണ് പകർന്ന് നൽകുന്നത്. ഇതിന് പുറമേ മൂന്നാറിലെ മലനിരകളിൽ മാത്രം കണ്ടുവരുന്ന അപൂർവ്വയിനം സസ്യങ്ങൾ നട്ടുവളർത്തിയ ഓർക്കിറ്റോറിയവും സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. മതിവരുവോളം ഈ കാഴ്ച്ചകൾ കണ്ടാണ് ഇവിടെത്തുന്ന സഞ്ചാരികൾ മടങ്ങാറ്.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കണ്ണൂർ പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന ആറാമത് സംസ്ഥാന ജേർണലിസ്റ്റ് വോളി നാളെ തുടങ്ങും. ജില്ലകളെ പ്രതിനിധീകരിച്ച് മാധ്യമപ്രവർത്തകരാണ് കളത്തിലിറങ്ങുക. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. മാധ്യമപ്രവർത്തകരുടെ മത്സരങ്ങൾക്ക് പുറമേ നാളെ ജില്ലയിലെ വിവിധ യുവജന സംഘടനാ നേതാക്കൾ പങ്കെടുക്കുന്ന വേളിബോൾ മത്സരവുമുണ്ടാകും.

സമാപനദിവസമായ നാലിന് വൈകീട്ട് വനിതകളുടെ വോളിബോൾ പ്രദർശന മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് ഗോവിന്ദപുരം മിനി ബൈപ്പാസിന് സമീപത്തെ മുറിയിൽ നിന്നും 11.31 ഗ്രാം MDMA യുമായി ഒരാൾ പോലീസ് പിടിയിലായി. മലപ്പുറം എടവണ്ണ പാറ സ്വദേശി മുബഷിറിനെയാണ് മെഡിക്കൽ കോളെജ് പൊലീസ് പിടികൂടിയത്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: ഹബീബ് റഹ്മാൻ*
*News Team: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*